# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2389**

19 .06.2013 - ൽ മറുപടിയ്ക്ക്

## ആയുർവ്വേദത്തെ പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആയുർവ്വേദത്തെ പരിപോഷിപ്പിക്കുന്നതിലേക്ക് നിലവിൽ ഉള്ള പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആയുർവേദ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയുർവേദ ചികിത്സയുടെ പ്രാധാന്യത്തെ ക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക, സ്കൂൾ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഋതു , പ്രസാദം, കൗമാര സ്ഥൗല്യം, ദൃഷ്ടി എന്നീ പദ്ധതികൾ സ്കൂൾ തലത്തിൽ നടപ്പാക്കി വരുന്നു. പട്ടിക വിഭാഗ ജനങ്ങളുടെ ആരോഗ്യ സംരക്ഷണാർത്ഥം ആയുർമിത്രം, കോളറ നിവാരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ജീവനി (Management of Type-2 diabetes), പുനർനവ (Management and Rehabilitation of Post CVA) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>ഔഷധിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ 20 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ആസവാരിഷ്ടങ്ങൾ ഉത്പാദിപ്പി |

ക്കുന്നതിനായി ഒരു "മികവിന്റെ കേന്ദ്രം" നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്. ഔഷധിയുടെ തൃശ്ശൂരിലും കണ്ണൂരിലുമുള്ള നഴ്സറികളിൽ നിന്നും ശരാശരി 50,000 ഔഷധ വൃക്ഷ തൈകൾ എല്ലാ വർഷവും സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡുമായി സഹകരിച്ച് ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി " സ്കൂളിൽ ഒരു ഔഷധത്തോട്ടം", " ഗൃഹാങ്കണത്തിൽ ഒരു ഔഷധ ഉദ്യാനം" " ആംലാ മിഷൻ പ്രോജക്ട്" എന്നിവ നടപ്പിലാക്കി വരുന്നു. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും ചികിത്സയ്ക്കുമായി കണ്ണൂർ ജില്ലയിലെ പരിയാരത്ത് ഒരു ജെറിയാട്രിക് കെയർ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാന ഔഷധ സസ്യബോർഡ് ഔഷധ സസ്യങ്ങളുടെ സംരക്ഷണം, കൃഷി വ്യാപനം, ബോധവൽക്കരണം, ഗവേഷണം തുടങ്ങി ഔഷധ സസ്യമേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ വിവിധങ്ങളായ പദ്ധതികൾ ദേശീയ ഔഷധ സസ്യബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്താകമാനം

നടപ്പിലാക്കി വരുന്നുണ്ട്. ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി വനം വകുപ്പ്, വനം വികസന കോർപ്പറേഷൻ, ജയിൽ വകുപ്പ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് ഔഷധ സസ്യങ്ങളുടെ വൻ തോതിലുള്ള കൃഷി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇത്തരം പാരമ്പര്യ മേഖലകളിൽ കാലോചിതമായി പഠനങ്ങളോ ഗവേഷണങ്ങളോ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു; വിശദമാക്കുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ